# നോട്ടീസ്

**പാറമ്പുഴ സർക്കാർ തടി ഡിപ്പോയിൽ 17.03.2020 മുതൽ തേക്ക് തടികളുടെ ചില്ലറ വിൽപ്പന ആരംഭിക്കുന്നു.**

ചില്ലറ വിൽപ്പന പ്രകാരം വീടുപണിക്കായി 5 ക്യുബിക്ക് മീറ്റർ വരെ തേക്ക് തടികൾ പാറമ്പുഴ സർക്കാർ തടി ഡിപ്പോയിൽ 2020 മാർച്ച് മാസം 17–ാം തീയതി രാവിലെ 10 മണി മുതൽ മൂന്ന് മാസക്കാലയളവിൽ, ആയതിൻെറ സ്റ്റോക്ക് തീരുംവരെ ലഭ്യമാണ്. ഓരോ തടിക്കും നിശ്ചിത വില ഒടുക്കി ലേലത്തിൽ പങ്കെടുക്കാതെ തന്നെ തടികൾ വാങ്ങാവുന്നതാണ്. സ്വന്തം വീടുപണിക്കാണെന്ന് തെളിയിക്കുന്നതിന് മതിയായ രേഖകൾ ഇതിലേക്കായി അപേക്ഷകൻ ഹാജരാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും വീടുപണിക്ക് ലഭിച്ച അനുമതിപത്രം, കെട്ടിടത്തിൻെറ അംഗീകൃത പ്ലാൻ, പാൻകാർഡ് എന്നിവയുടെ അസലും പകർപ്പുകളും, കൂടാതെ 10 രൂപയുടെ കോർട്ട്ഫീ സ്റ്റാമ്പും ഹാജരാക്കേണ്ടതാണ്. ഉപഭോക്താക്കൾക്ക് ഇഷ്ടപ്പെട്ട തടികൾ തിരഞ്ഞെടുക്കാവുന്നതാണ്. അപേക്ഷകൻെറ പേരും മേൽവിലാസവും തെളിയിക്കുന്നതിന് ആവശ്യമായ രേഖകളും, അവയുടെ പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഇതിനായി തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ തിരിച്ചറിയൽ കാർഡ്, ആധാർ കാർഡ്, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട് ഇവയിൽ ഏതെങ്കിലും ഒന്നിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പോ, ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽനിന്നും അപേക്ഷകൻെറ മേൽവിലാസവും, കയ്യൊപ്പും സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റോ ഇതിലേക്ക് ഹാജരാക്കിയാൽ മതിയാകും. രേഖകൾ ഹാജരാക്കുന്ന മുറക്ക്. മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി അപ്പോൾ ടോക്കൺ നൽകുന്നതാണ്.

അപേക്ഷകൻ തിരഞ്ഞെടുക്കുന്ന തടികളുടെ മൊത്തം വിലയുടെ 1/10 ഭാഗം പരമാവധി 20,000/–രൂപ എന്നകണക്കിന് ഓഫിസിൽ അടയ്ക്കേണ്ടതാണ്.ബാക്കി തടിവിലയും നികുതികളും 3 പ്രവർത്തി ദിവസങ്ങൾക്കുള്ളിൽ ഓഫീസിൽ നിന്നും നൽകുന്ന ചെല്ലാനുകൾ മുഖേന സർക്കാർ ട്രഷറികളിൽ അടയ്ക്കേണ്ടതാണ്. (ഓൺ ലൈൻ മുഖേനെയും ട്രഷറിയിലും ബാങ്കിലും പണം അടയ്ക്കാവുന്നതാണ്).

തടികളുടെ മുഴുവൻ വിലയും നികുതികളും അടച്ചിട്ടുള്ള അപേക്ഷകന് തടികൾ ഡിപ്പോയിൽനിന്നും നീക്കം ചെയ്യാൻ 7 ദിവസത്തെ സമയം അനുവദിക്കുന്നതാണ്. ഇതിനുശേഷം പരമാവധി 15 ദിവസം വരെ ക്യൂബിക്ക് മീറ്ററിന് പ്രതിദിനം 15 രൂപ പ്രകാരം തറവാടക അടച്ച് തടികൾ നീക്കം ചെയ്യാൻ അനുവദിക്കുന്നതാണ്.

**ഫോൺ: 0481 2312006, 2312008, 8547601571**

ഡിപ്പോ റെയിഞ്ചാഫീസർ,
സർക്കാർ തടി ഡിപ്പോ, പാറമ്പുഴ

സർക്കാർ തടി ഡിപ്പോ
കോട്ടയം-6